**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള 2012-13 വർഷത്തേക്ക് വികസനവും അഭിവൃദ്ധിപ്പെടുത്തലും ഇനത്തിൽ നൽകുന്ന സംസ്ഥാന വിഹിതത്തിൽ നിന്നും കിഴിക്കുന്ന ചെലവഴിക്കാത്ത തുകയെ സംബന്ധിച്ചുള്ള സ്പഷ്ടീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **3115**/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരംഃ 09.11.2012.

=================================================================

പരാമർശംഃ-

1. സ.ഉ.(സാധാ.) 663/2011/ത.സ്വ.ഭ.വ. തീയതിഃ 01.03.2011.
2. സ.ഉ.(സാധാ.) 2072/2012/ത.സ്വ.ഭ.വ. തീയതിഃ 27.07.2012.
3. സ.ഉ.(എം.എസ്.) നം. 277/2012/ത.സ്വ.ഭ.വ. തീയതിഃ 30.10.2012.

**ഉത്തരവ്**

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം 2010-11-ലെ വികസന, മെയിന്റനൻസ് (റോഡ്, നോൺ റോഡ്) ഫണ്ടുകളിലെ മൊത്ത വിഹിതത്തിലെ ചെലവിന്റെ കുറവ് 30%ൽ അധികരിക്കുകയാണെങ്കിൽ ടി തുക 2012-13 സാമ്പത്തിക വർഷത്തിലെ വിഹിതത്തിൽ നിന്നും കുറവ് ചെയ്യാൻ ഉത്തരവായിരുന്നു. ഇപ്രകാരം കുറവ് വരുത്തിയശേഷമാണ് 2012-13-ൽ (ഈ സാമ്പത്തിക വർഷം) തദ്ദേശസർക്കാരുകൾക്ക് ഫണ്ടുകൾ അനുവദിച്ചിരിക്കുന്നത്. ഇത്തരത്തിൽ വികസന ഫണ്ട് വിതരണം ചെയ്യുമ്പോൾ ''കിഴിക്കുന്ന ചെലവഴിക്കാത്ത തുക'' (ഷോർട്ട് ഫാൾ) പൊതുവായാണ് കിഴിവാക്കി വന്നിരുന്നത്. എന്നാൽ ഈ വർഷം പരാമർശം രണ്ടിലെ ഉത്തരവ് മുതൽ വികസന ഫണ്ട് - പൊതു വിഭാഗം, പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ / ഉപപദ്ധതി വിഹിതം എന്നിങ്ങനെ മൂന്നു പ്രത്യേക വിഹിതമായി നൽകി അക്കൗണ്ട് ചെയ്ത് തുടങ്ങിയപ്പോൾ പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ / ഉപപദ്ധതി വിഹിതത്തിൽ നിന്നും പ്രത്യേകമായി ഷോർട്ട്ഫാൾ കുറവാക്കേണ്ടി വരുന്നു.

എന്നാൽ പരാമർശം മൂന്നിലെ ഉത്തരവിൻ പ്രകാരം ''പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ / ഉപപദ്ധതി ഫണ്ട് ചെലവഴിക്കുന്നതിൽ വന്നിട്ടുള്ള കുറവുകൾക്ക് ഷോർട്ട് ഫാൾ കണക്കാക്കേണ്ടതില്ല'' എന്നുത്തരവായിട്ടുണ്ട്.

ഇത് പ്രാവർത്തികമാകുമ്പോൾ ഈ സാമ്പത്തിക വർഷം (2012-13) ഒട്ടേറെ സാമ്പത്തിക സാങ്കേതിക പദ്ധതി നിർവ്വഹണ പ്രശ്നങ്ങൾ ഉണ്ടാകുന്നുവെന്ന് കാണുന്നതിനാൽ ഈ സാമ്പത്തിക വർഷത്തെ ശേഷിക്കുന്ന വികസന ഫണ്ട് റിലീസുകളിലും പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ / ഉപപദ്ധതി ഫണ്ടുകളിൽ 2010-11 -ൽ ചെലവഴിച്ചതിൽ ഉണ്ടായ കുറവിന്മേൽ വരുത്തുന്ന കിഴിവ് (ഷോർട്ട് ഫാൾ) ഇതിനകം ചെയ്ത പോലെ പൊതു വിഭാഗ - (ജനറൽ സെക്ടർ) ത്തിൽ നിന്നായിരിക്കുമെന്ന് സ്പഷ്ടീകരിച്ചുത്തരവാകുന്നു.

ഷോർട്ട് ഫാൾ തുക മുഴുവനും ഇങ്ങനെ കുറവ് ചെയ്യുമ്പോൾ പൊതു വിഭാഗം ഫണ്ട് മിച്ചമില്ലാതെ വരുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ ഓരോന്നും പ്രത്യേകമായി പരിഗണിച്ച് സർക്കാർ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.ജെ.മാത്യൂ,
സെക്രട്ടറി.

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
} പകർപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
**ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.**
**(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും ''സുലേഖ'' സോഫ്റ്റ്വെയർ ക്രമീകരണത്തിനും)**
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേമ്പർ.
സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ & എ), തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്ഃ-

1. ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. ബഹു: വ്യവസായവും നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3. ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
4. ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
5. ചീഫ് സെക്രട്ടറിയുടെ അഡിഷണൽ സെക്രട്ടറിക്ക്.
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറി / അഡിഷണൽ സെക്രട്ടറി (എഫ് & ഇ) യുടെ പി.എ-ക്ക്.
7. തദ്ദേശസ്വയംഭരണ (ഡി.എ / ഡി.ബി. / ഡി.സി.) വകുപ്പുകൾക്ക്.